<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2011</u> <u>17.03.2015-ന് മറുപടിക്ക്</u>

<u>സംസ്ഥാന പരിസ്ഥിതി ആഘാത പരിശോധനാ സമിതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി)<br>..... |
| (എ) കരിങ്കൽ ക്വാറി (പാറമട) ഉൾപ്പെടെയുള്ള ഖനനപ്രവർത്തനങ്ങളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത പരിശോധനാ സമിതി (സ്റ്റേറ്റ് എൻവെയർമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി) രൂപീകരിക്കാത്തതു കാരണം കരിങ്കല്ല്, മണ്ണ്, മണൽ ഖനനാനുമതിക്ക് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഖനന അനുമതി നൽകുന്നതിനും, പുതുക്കുന്നതിനും ഈ അതോറിറ്റിയുടെ അനുമതി ആവശ്യമാണോ ; | (ബി) ആവശ്യമാണ്. |
| (സി) ഇത് സംബന്ധിച്ച് കേന്ദ്രാനുമതി ആവശ്യമുണ്ടോ ; വിശദമാക്കുമോ ; | (സി) സംസ്ഥാന അതോറിറ്റി നിലവിലില്ലെങ്കിൽ വിദഗ്ധ വിലയിരുത്തൽ സമിതി (EAC) യുടെ ശുപാർശ അടിസ്ഥാനമാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പദ്ധതികൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി നൽകുന്നതാണ്. |
| (ഡി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുമോ ? | (ഡി) സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും സംസ്ഥാന വിദഗ്ധ വിലയിരുത്തൽ സമിതിയും പുന:സംഘടിപ്പിക്കാനുള്ള ശുപാർശ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശ പ്രകാരം ഉടൻ തന്നെ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ